കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒഴൂർ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/1018/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി. 25-08-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1),(2) എന്നിവ കാണുക).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,മലപ്പുറം

4)കാര്യാലയ പകർപ്പ്.

എം.എ.8/2020

നം.കെ.എസ്.എ.എം.പി.എം.10/1018/2020

തിയതി: 25-08-2020

<u>മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.12.2018 മുതൽ 07.07.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചു . ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.സതീഷ് മാവേലി . പുത്തൻവീട് , (ഡെപ്യൂട്ടി ഡയറക്ടർ)

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16.07.20 മുതൽ 30.07.20 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. മുഹമ്മദ് അലി എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സൽമത്ത് ടി.പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. പ്രജിത കെ.വി | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.മോഹനൻ പൂഴിക്കൽ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പ്രേമരാജൻ ഒ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. മഞ്ജു ജി | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രാജേഷ് പി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജേക്കബ് ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഐശ്വര്യ ലക്ഷ്മൺ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജമീല. കെ.എം | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വിശ്വനാഥൻ. എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ജാനിഫ് .കെ.എം (പി.എച്ച്.സി) | 01.04.2018 മുതൽ 31.03.2019 വരെ |
| | ഡോ.രഹന .പി (ആയുർവേദം) | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I പൊതു അവലോകനം | |
| | | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കെട്ടിടങ്ങളുടെ വിനിയോഗ തരത്തിന് അനുസൃതമായി വസ്തു നികുതി നിശ്ചയിക്കേണ്ടതാണ്. | 1-12 |
| 13 | പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നു. | 1-13 |
| 14 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകൾ വസ്തു നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ് | 1-14 |
| 15 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവു വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല | 1-15 |
| 16 | സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു | 1-16 |
| 17 | മണലിപ്പുഴ സ്കൂൾ ചുറ്റുമതിൽ,ഗേറ്റ് നിർമ്മാണം - അപാകത - നഷ്ടം 5902 രൂപ | 1-17 |
| 18 | പഞ്ചായത്ത് ഓഫീസിന് കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം - പ്രവൃത്തി അപാകത - 6597നഷ്ടം രൂപ | 1-18 |
| 19 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല | 1-19 |
| 20 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - അപാകത | 1-20 |
| 21 | മരാമത്ത് പ്രവൃത്തികളിൽ ജി.എസ്.ടിയിൻമേൽ TDS ഈടാക്കിയിട്ടില്ല | 1-21 |
| 22 | പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല | 1-22 |
| 23 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി- അപാകതകൾ | 1-23 |
| 24 | പി.എം.എ).വൈ- ഗ്രാമ പഞ്ചായത്ത് അടവാക്കിയ വിഹിതം ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിച്ചിട്ടില്ല | 1-24 |
| 25 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- | 1-25 |

| | | |
|---|---|---|
| | അപാകതകൾ | |
| 26 | പുന്നക്കപ്പാറ അംഗൻവാടിക്ക് കുഴൽകിണർ-പൂർത്തീകരണ മൂല്യനിർണയ വിവരം ലഭ്യമായിട്ടില്ല | 1-26 |
| 27 | ലൈഫ് ഭവന നിർമ്മാണം - മുൻകൂർ തുക കൈപ്പറ്റി - നിർമ്മാണം പൂർത്തിയായില്ല | 1-27 |
| 28 | ആട് വളർത്തൽ(വനിത) – ആടിനെ നൽകിയ വ്യക്തിയുടെ ബാങ്ക് അക്കൗണ്ട് - വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-28 |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 29 | ഇല്ല | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 30 | സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 83554രൂപ | 3-1 |
| 31 | പഞ്ചായത്ത് ഓഫീസിന് കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം - പ്രവൃത്തി അപാകത - 6597നഷ്ടം രൂപ | 3-2 |
| 32 | മണലിപ്പുഴ സ്കൂൾ ചുറ്റുമതിൽ,ഗേറ്റ് നിർമ്മാണം - അപാകത - നഷ്ടം 5902 രൂപ | 3-3 |
| 33 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 49979 രൂപ | 3-4 |
| ഭാഗം IV പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 42 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | | |

| | | |
|---|---|---|
| ഭാഗം V -അനുബന്ധങ്ങൾ | | |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 46 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1(1)/ 26.03.2018 | 2(1) , 14.02.2019 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 26.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45292048 |
| വരവ് | 143943927 |
| ആകെ | 189235975 |
| ചെലവ് | 145035750 |
| നീക്കിയിരിപ്പ് | 44200225 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 0 | 16799000 | 16799000 | 15776674 | 1022326 |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 3062000 | 3062000 | 2858213 | 203787 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 107000 | 107000 | 0 | 107000 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 6883000 | 6883000 | 6883000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 3530000 | 3530000 | 3530000 | 0 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 7798000 | 7798000 | 6876462 | 921538 |
| സാക്ഷരത | | 55716 | 1977 | 57693 | 0 | 57693 |
| എം.ജി.എൻ. ആർ.ജി.എസ് | | 59012 | 14717089 | 14776101 | 14756626 | 19475 |
| കേന്ദ്രാവിഷ്കൃ- | TSC | 127373 | 1400265 | 1527638 | 97730 | 1429908 |

| | | | | | | |
|---|---|---|---|---|---|---|
| തഫണ്ടുകൾ (ഇനം തിരിച്ച്) | SSA | 153213 | 5434 | 158647 | 0 | 158647 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക് പഞ്ചായത്ത്) | | 1535348 | 3236500 | 4771848 | 3077872 | 1693976 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | | 322000 | 1336620 | 1658620 | 1452000 | 206620 |
| ബി ഫണ്ട് | | 0 | 407360 | 407360 | 407360 | 0 |
| തനത് ഫണ്ട് | കനറാ ബാങ്ക്(ഇ-പേമെന്റ്) | 58158 | 33408 | 91566 | 0 | 91566 |
| | കെ.ജി.ബി | 2858855 | 4582548 | 7441403 | 5663414 | 1777989 |
| തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്) | | -952805 | 37198178 | 36245373 | 14850617 | 21394756 |
| ജലനിധി | | 42764891 | 48445451 | 91210342 | 73338550 | 17871792 |
| കുടുംബശ്രീ | | 3259 | 116 | 3375 | 0 | 3375 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 100814380 | 145 | 60914761 | 8 | 62 | 67 |

<u>പാതിവഴിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 59012 | 1021348 | 1080360 | 1060885 | 19475 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13695741 | 13695741 | 13695741 | 0 |
| ആകെ | 59012 | 14717089 | 14776101 | 14756626 | 19475 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽ രഹിത വേതനം | 45960 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 1892800 | 160 |
| വിധവാപെൻഷൻ | 16906500 | 1370 |
| വാർദ്ധക്യകാല പെൻഷൻ | 21937400 | 1740 |
| ഭിന്നശേഷി പെൻഷൻ | 5043500 | 396 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 418000 | 35 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2020 ന് 10.30 am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാതു ദിവസം തന്നെ പണം ബാങ്കിൽ അടവാക്കുന്നതിനാൽ നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1) നികുതി പിരിവിന്റെ കാര്യത്തിൽ നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട് . തുടർച്ചയായി മൂന്നാം വർഷവും 100% നികുതികളും പിരിച്ചെടുത്തിട്ടുണ്ട്. പഞ്ചായത്ത് ജീവനക്കാരുടെയും ഭരണ സമിതിയുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്ത ഫലമായാണ് ഇത് സാധ്യമായിരിക്കുന്നത് .

2) തൊഴിലുറപ്പ് പദ്ധതി ഓഡിറ്റ് വർഷത്തിൽ വലരെയധികം മികവ് കൈവരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 13695741രൂപ ചെലവഴിച്ചിട്ടുണ്ട്.

3) രജിസ്റ്ററുകളുടെ സൂക്ഷിപ്പിന്റെ കാര്യത്തിൽ വെറ്ററിനറി. സർജൻ കൃത്യത പുലർത്തിയിട്ടില്ലെന്ന് കാണുന്നു. ക്യാഷ് ബുക്ക് , സബ്സിഡി രജിസ്റ്റർ എന്നിവ 2018-19 വർഷത്തിൽ പൂർണ്ണമായി എഴുതിയിട്ടില്ല. പ്രൊജക്ട് രജിസ്റ്ററിൽ , നടപ്പിലാക്കിയ പ്രൊജക്ടുകളുടെ ചെലവു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2020 | ജനവരി/ 2020 | 14.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.07.2010 | 2004-05 മുതൽ 2009-10 വരെ | 24.09.2010 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 65 (v) ഇ പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല.
2. 2017-18 ബി 1 ഷെഡ്യൂൾ പ്രകാരം നീക്കിബാക്കി 24593080 ആയിരുന്നു . എന്നാൽ 2018-19 വാർഷിക കണക്കു പ്രകാരം മുൻ ബാക്കിയായി എടുത്തത് 24579520/- രൂപയാണ്. 13560/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
3. 2017-18 ബാലൻസ് ഷീറ്റു പ്രകാരം വസ്തു നികുതി കുടിശ്ശികയില്ല. എന്നാൽ 2018-19 വാർഷിക കണക്കിൽ RP 43 പ്രകാരം കുടിശ്ശികയിനത്തിൽ 2673/- രൂപ പിരിച്ചെടുത്തതായി കാണുന്നു.
4. തൻവർഷം വസ്തു നികുതിയിനത്തിൽ 27082/- രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
5. താഴെ പറയുന്ന ഇനങ്ങളിൽ 2017-18 വർഷത്തെ വാർഷിക കണക്കു പ്രകാരമുള നീക്കിബാക്കി 2018-19വർഷത്തെ വാർഷിക കണക്കു പ്രകാരമുള്ള മുൻബാക്കിയും പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | 2017-18 ബാലൻസ്ഷീറ്റ് പ്രകാരം മുൻബാക്കി | 2018-19 ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിബാക്കി | വ്യത്യാസം |
|---|---|---|---|---|
| 1 | തൊഴിൽ നികുതി (Institutions/Professionals/ Traders) | 35040 | 42900 | 7860 |
| 2 | ഡി ആന്റ് ഒ ലൈസൻസ് | 27000 | 29700 | 2700 |
| 3 | Festival advance | 31800 | 28800 | -3000 |

6. ബാലൻസ്ഷീറ്റ് (B-11 Schedule ) പ്രകാരമുള്ള ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കിയില്ല.
7. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
9. ബി-18 ഷെഡ്യൂളിൽ 460500202, 460500501 എന്നീ ഹെഡ്ഡുകളിലായി രേഖപ്പെടുത്തിയിട്ടുള്ളതും വർഷങ്ങളായി തുടരുന്നതുമായ മുൻകൂർ തുകകൾ ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.
10. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് എ സി ആർ സൂക്ഷിക്കുന്നില്ല.
11. അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.
12. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിലേക്ക് മുതൽകൂട്ടിയില്ല. ഉദാ:- 310100102 headൽ 104496/- രൂപ 12-13 വർഷത്തിനു മുൻപേ ഉള്ള ഡെപ്പോസിറ്റാണ്.

13. ക്യാമ്പ് കലക്ഷൻ വഴി പിരിച്ചെടുത്ത വസ്തു നികുതി ഇനം തിരിച്ച് സാംഖ്യയിൽ റസീപ്റ്റ് ചെയ്യുന്നില്ല..

14. പ്രധാനാധ്യാപകൻ , വി ഇ ഒ എന്നീ നിർവ്വഹണോദ്യോഗസ്ഥർ ടി ആർ 7എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർ പഞ്ചായത്ത് ഫണ്ടിനു മാത്രമായി ടി ആർ 7എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു.

15. തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവിനത്തിൽ വാർഷിക കണക്കും കാഷ് ബുക്കും തമ്മിൽ 3843/- രൂപയുടെ വ്യത്യാസം കാണുന്നു.

16. തൊഴിലുറപ്പ് പദ്ധതിയിനത്തിൽ I-6 ലെ വരവും I-14(a) യിലെ ചെലവും തമ്മിൽ 21351/- രൂപയുടെ വ്യത്യാസം കാണുന്നു.

കുറിപ്പ്

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല (ക്രമ നമ്പർ-7), അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല(ക്രമ നമ്പർ-11) എന്നീ അപാകതകൾ പരിഹരിച്ചതായി ഓഡിറ്റ് വേളയിലെ പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ ഒഴിവാക്കുന്നു.

# 1-12 കെട്ടിടങ്ങളുടെ വിനിയോഗ തരത്തിന് അനുസൃതമായി വസ്തു നികുതി നിശ്ചയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്ത് വിവിധ വിനിയോഗ തരത്തിലുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന വസ്തു നികുതി നിരക്ക് താഴെ ചേർക്കുന്നു.

| വിനിയോഗ തരം | നികുതി നിരക്ക് (രൂപ/ച. മീറ്റർ) |
|---|---|
| 100 ച. മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 40 |
| വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 15 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 50 |

താഴെ പറയുന്ന കെട്ടിടങ്ങളുടെ വിനിയോഗ തരം സഞ്ചയ സോഫ്റ്റ്‌വെയറിലും ലൈസൻസ് രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിനിയോഗ തരം | ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടം |
|---|---|---|
| 5/68 C | വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് ( സ്റ്റോറേജ് ഷെഡ്) | വർക്ക് ഷോപ്പ് |
| 18/22 | വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് (കര കൗശലവസ്തു നിർമ്മാണ ഷെഡ്) | റൈസ് ഓയിൽ ഫ്ലോർ മില്ല് |
| 18/424 | വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് (കൈത്തൊഴിൽ ഷെഡ്) | ബേക്കറി നിർമ്മാണം |
| 8/329 | വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് (കൈത്തൊഴിൽ ഷെഡ്) | റൈസ് ഓയിൽ ഫ്ലോർ മില്ല് |

| | | |
|---|---|---|
| 13/56 | വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് (കൈത്തൊഴിൽ ഷെഡ്) | റൈസ് ഓയിൽ ഫ്ലോർ മില്ല് |
| 5269 A | വ്യവസായ ആവശ്യത്തിനുള്ള – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് (പീലിംഗ് ഷെഡ്) | റൈസ് ഓയിൽ ഫ്ലോർ മില്ല് |

പ്രസ്തുത കെട്ടിടങ്ങൾക്ക് 15രൂപ / ച. മീറ്റർ എന്ന നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് . എന്നാൽ വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് , കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ് , കോഴി വളർത്തൽ ഷെഡ് , ലൈവ് സ്റ്റോക്ക് ഷെഡ് , കര കൗശല വസ്തു നിർമ്മാണ ഷെഡ് , പട്ട് നൂൽ ഷെഡ് , സ്റ്റോറേജ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടിക ചൂള , തടിമില്ല്, പീലിംഗ് ഷെഡ് എന്നിവക്കാണ് ഈ നിരക്ക് ബാധകമായിട്ടുള്ളത് .

മുകളിൽ പറഞ്ഞ കെട്ടിടങ്ങളുടെയും സഞ്ചയയിലെ വിനിയോഗ തരവും യഥാർത്ഥ വിനിയോഗ തരവും പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയം നടത്തേണ്ടതാണോ എന്ന് പരിശോധിക്കുകയും ആവശ്യമായവയിൽ വസ്തു നികുതി പുനർനിർണ്ണയം നടത്തുകയും ചെയ്യേണ്ടതാണ്.

# 1-13 പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ തൻവർഷം നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ്, റഗുലറൈസേഷൻ എന്നീ ഇനങ്ങളിലെ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഭൂരിഭാഗം നിർമ്മാണങ്ങളും പെർമിറ്റ് നേടാതെയാണ് നടത്തുന്നത് എന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷയുടെ തരം | അപേക്ഷകളുടെ എണ്ണം | ഓരോ ഇനങ്ങളിലേയും വരവ് |
|---|---|---|
| കെട്ടിട നിർമ്മാണ പെർമിറ്റ് | 90 | 54680 രൂപ |
| റഗുലറൈസേഷൻ | 299 | 299379 രൂപ |

പെർമിറ്റ് നേടിയ നിർമ്മാണങ്ങളേക്കാൾ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ നിർമ്മാണങ്ങളേയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകൾ വസ്തു നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് ച.മീറ്ററിന് 450 രൂപയായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു മൊബൈൽ ടവറിന് (3/579 A) മാത്രമാണ് വസ്തുനികുതി ഈടാക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും

തങ്ങളുടെ പരിധിയിലുള്ള മുഴവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ്/ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

വസ്തു നികുതിയുടെ പരിധിൽ വന്നിട്ടില്ലാത്ത മൊബൈൽ ടവറുകൾ സംബന്ധിച്ച എൻക്വയറി (05/22.07.20)ക്ക് , ടവറുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ടവർ ഉടമകൾക്ക് ഇത് സംബന്ധിച്ച് കത്ത് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവു വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിൽ 18 വാർഡുകളിലേക്കുമായി 270000 (18 x 15000)രൂപ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിരുന്നു. (വൗച്ചർ നമ്പർ/തീയതി: 187/07.06.2018 , Cheque No/Date: 5440756/07.06.2018). ഫണ്ടിന്റെ ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ ചില വാർഡുകളിൽ മുഴവനായും ചെലവഴിച്ചിട്ടില്ലെന്ന് കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ചെലവഴിച്ച തുക | ബാക്കി |
|---|---|---|
| 1 | 14980 | 20 |
| 2 | 14950 | 50 |
| 3 | 14000 | 1000 |
| 4 | 14850 | 150 |
| 6 | 14048 | 952 |
| 7 | 15000 | 0 |
| 8 | 14310 | 690 |
| 9 | 11550 | 3450 |
| 10 | 13821 | 1179 |
| 11 | 14859 | 141 |
| 12 | 14414 | 586 |
| 13 | 14353 | 647 |
| 14 | 14932 | 68 |
| 16 | 15000 | 0 |
| 17 | 15000 | 0 |
| 18 | 14635 | 365 |
| ആകെ | 230702 | 9298 |

അവശേഷിച്ച തുകകൾ തിരികെ അടവാക്കേണ്ടതാണ്. കൂടാതെ 5, 15 എന്നീ വാർഡുകളിലെ ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ഈ വാർഡുകൾക്ക് അനുവദിച്ച തുക

30000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-16 സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

2018-19 വർഷത്തിലെ ഏതാനും റോഡ് പ്രവൃത്തികൾ 27.7.20 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയാണെന്ന് ബോധ്യപ്പെട്ടു. DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടത്. അധിക നിരക്ക് നൽകിയതിനാൽ പ്രവൃത്തികളിൽ 83554 രൂപയുടെ നഷ്ടമുണ്ടായി. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-17 മണലിപ്പുഴ സ്കൂൾ ചുറ്റുമതിൽ,ഗേറ്റ് നിർമ്മാണം - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്ട് നം -116/19

മണലിപ്പുഴ സ്കൂൾ ചുറ്റുമതിൽ,ഗേറ്റ് നിർമ്മാണം പ്രവൃത്തി 402218 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയിൽ താഴെ പറയുന്ന അപാകത കാണുന്നു.

<u>സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി</u>

പ്രവൃത്തിയുടെ ഭാഗമായി ഗേറ്റ് നിർമ്മിച്ചത് GI പൈപ്പ് (Rectangular hollow tube) ഉപയോഗിച്ചാണ്. ഈ പ്രവൃത്തി ചെയതതിന് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 137.46/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR code 50.10.1). എന്നാൽ പ്രവൃത്തി സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 111.93/kg രൂപയാണ്. അധിക നിരക്ക് നൽകിയതിനാൽ പ്രവൃത്തിയിൽ 5902 രൂപയുടെ നഷ്ടമുണ്ടായി. വിശദ വിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(പ്രവൃത്തി 27.7.20 ന് അസി.എഞ്ചിനീയറുടെയും ഓവർസിയറുടെയും സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തി)

# 1-18 പഞ്ചായത്ത് ഓഫീസിന് കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം - പ്രവൃത്തി അപാകത

പ്രോജക്ട് നം -184/19

പഞ്ചായത്ത് ഓഫീസിന് കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം

പ്രവൃത്തിയിൽ താഴെ പറയുന്ന അപാകത കണ്ടു.

<u>1. സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി</u>

ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് 2ാം നിലയിൽ (കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം) മേൽക്കൂര ട്രസ്സ് വർക്ക് ചെയ്യതിന് 119543.93 രൂപ അനുവദിച്ചു. DSR Code 10.16.2 പ്രകാരമുള്ള നിരക്കാണ് ട്രസ്സ് വർക്കിന് അനുവദിച്ചത് എന്നാൽ ഈ പ്രവൃത്തിയിൽ 389.23 kgവരുന്ന പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR Code 50.10.2 പ്രകാരമുള്ള 111.93/kg രൂപയാണ്. അധിക നിരക്ക് നൽകിയതിനാൽ പ്രവൃത്തിയിൽ 6597 രൂപയുടെ നഷ്ടം വന്നു. വിശദ വിവരം ഭാഗം 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(27.7.20 ന് അസി.എഞ്ചിനീയറുടെയും ഓവർസിയറുടെയും സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലപരിശോധന നടത്തി)

# 1-19 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്. പിഴ ഈടാക്കാത്തതിനാൽ പ്രവർത്തികളിൽ 49398 രൂപയുടെ നഷ്ടം വന്നു.

വിശദവിവരം ഭാഗം 3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-20 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ GLPS, ഒഴൂർ

2018-19 വർഷത്തേക്ക് ബാധകമായ 14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ,എയ്ഡഡ്,സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് / കമ്പ്യൂട്ടറുകൾ ഗ്രാമ/നഗര /ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്.

HM നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് BIZARRE Power Solutions, Calicut എന്ന സ്ഥാപനത്തിൽ നിന്നും 24890 രൂപ വീതം വിലയുള്ള 7 ലാപ്ടോപ്പുകൾ (LENOVO) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില | തുക നൽകിയ വിവരം | |
|---|---|---|---|---|---|
| | | | | ബിൽ നമ്പർ/ തീയതി | തുക |
| 126/19<br>SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | BIZ/C/111/16-02-19 | 7 | 24890 | 8/19.3.19 | 174230 |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതക ചുവടെ കൊടുക്കുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട് 5 ടെണ്ടറുകൾ ലഭ്യമായി. ഏറ്റവും കുറവ് രേഖപ്പെടുത്തിയ മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയെങ്കിലും ലഭ്യമായ ലാപ്ടോപ്പുകൾ നിർദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.6 /28.7.2020) ടെണ്ടർ നോട്ടീസിനോടൊപ്പം നൽകിയ സ്പെസിഫിക്കേഷൻ പേപ്പറിനടിയിൽ നിർദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ഗ്രാമ പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓഡിറ്റ് സമയത്ത് പഴയ തിയതി വച്ച് സാക്ഷ്യപ്പെടുത്തി തരികയാണുണ്ടായത്. പർച്ചേസിംഗ് സമയത്ത് സാംപിൾ ലഭ്യമാക്കി സ്പെസിഫിക്കേഷൻ പരിശോധിച്ച് ഉറപ്പാക്കതെ ഓഡിറ്റ് സമയത്ത് സാക്ഷ്യപ്പെടുത്തി നൽകുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 മരാമത്ത് പ്രവൃത്തികളിൽ ജി.എസ്.ടിയിൻമേൽ TDS ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന പേമെന്റുകളിൽ നിന്നും ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കേണ്ടതാണ്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ പേമെന്റ് നടത്തിയിട്ടുള്ളത് 1.10.18 ന് ശേഷമാണെങ്കിലും 2% TDSഈടാക്കിയിട്ടില്ല. ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

| പ്രോജക്ട് | പ്രവൃത്തി | തുക | ബിൽ/ചെക്ക് | TDS കുറവ് ചെയ്യേണ്ടത് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 184/19 | പഞ്ചായത്ത് ഓഫീസിന് കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം | 996290 | 3077139/5.1.19 | 19926 |
| | | | | |

അപാകത ആവർത്തിക്കാതിരിക്കാൻശ്രദ്ധിക്കേണ്ടതാണ്.

## 1-22 പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന വൗച്ചറുകൾ മുഖേന ജീവനക്കാർക്ക് ശമ്പള കുടിശിക നൽകിയിട്ടുണ്ട്. എന്നാൽ, കുടിശികയിലുൾപ്പെട്ട അടിസ്ഥാന ശമ്പളത്തിന്റെ 15% പെൻഷൻ അംശദാനമായി സർക്കാറിലേക്ക് അടവാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം./ തിയതി<br>തുക | വിവരണം | കുടിശികയിലെ അടിസ്ഥാന ശമ്പളം | പെൻഷൻ അംശദാനം അടവാക്കേണ്ടത് |
|---|---|---|---|---|
| 1 | 21800253/ 12.07.18<br>12942 രൂപ | ശ്രീ. പ്രശാന്ത്. സി.പി, ഹെഡ് ക്ലാർക്കിന് 07/17 മുതൽ 06/18 വരെയുള്ള ശമ്പള ഫിക്സേഷൻ കുടിശിക നൽകിയത് | 11254 | 1688 |
| 2 | 21800278/ 02.08.18<br>47608 രൂപ | ശ്രീ. മോഹനൻ പൂഴിക്കൽ, സെക്രട്ടറിക്ക് 07/17 മുതൽ 06/18 വരെയുള്ള റേഷ്യോ പ്രൊമോഷൻ കുടിശിക നൽകിയത് | 41400 | 6210 |
| ആകെ | | | | 7898 |

ഇക്കാര്യം ഓഡിറ്റ് എൻക്വയറി (നം. 1 /21.07.20) മുഖേന ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, ഉടനെ അടവാക്കി രേഖകൾ സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി. പെൻഷൻ അംശദാനം അടവാക്കി, ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി- അപാകതകൾ

പ്രോജക്ട് നം. SO 108/19

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 491400 രൂപ (തനത് ഫണ്ട്)

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കേടായ തെരുവു വിളക്കുകൾ മാറ്റി പുതിയ LED ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടാണിത്. അംഗീകൃത പ്രോജക്ട് പ്രകാരം, അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്) മുഖേന 252 തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് ഒരെണ്ണത്തിന് 1950 രൂപ നിരക്കിൽ 491400 രൂപയാണ് മതിപ്പ് ചെലവ് നിശ്ചയിച്ചിരിക്കുന്നത്.

05.10.18 ന് എ4-3995/18 നമ്പർ കത്ത് മുഖേന, പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ സെക്രട്ടറി സിൽകിനോട് ആവശ്യപ്പെട്ടതനുസരിച്ച്, സിൽകിന്റെ 09.10.18 ലെ കത്തുപ്രകാരം 24 W LED സ്ട്രീറ്റ് ലൈറ്റ് ഒരെണ്ണത്തിന് അനുബന്ധ സാമഗ്രികളും ഇൻസ്റ്റലേഷൻ ചാർജ്ജും ഉൾപ്പെടെ 3200 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. ഈ നിരക്ക് 06.12.18 ലെ 1(3) ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയതും സിൽക് ആണ്.

പ്രവൃത്തിക്കാവശ്യമായ അനുമതി ലഭ്യമാക്കുന്നതിന് KSEB യുടെ പൊന്മുണ്ടം, താനാളൂർ, എടരിക്കോട്, താനൂർ ഈസ്റ്റ് എന്നീ സെക്ഷനുകളിലെ അസി.എഞ്ചിനീയർമാർക്ക് സെക്രട്ടറി 28.01.19, 29.01.19 എന്നീ തിയതികളിൽ കത്തു നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

സിൽകുമായി 29.01.19 ന് സെക്രട്ടറി 12/2019 നമ്പർ കരാർ ചമച്ചു. 20.03.19 നാണ് പ്രവൃത്തി പൂർത്തീകരിച്ചത്. 153 തെരുവു വിളക്കുകൾ പഞ്ചായത്തിലെ 18 വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തി ചെയ്തതിന് 489600 രൂപ ആവശ്യപ്പെട്ടുകൊണ്ട് സിൽക് ഇൻവോയ്സ് (നം. CD/18-19/R/51 തിയതി: 20.02.19) സമർപ്പിക്കുകയും വൗച്ചർ നം. 21801072/ 25.03.19 മുഖേന 489600 രൂപ സെക്രട്ടറി സിൽകിന് നൽകുകയും ചെയ്തു.

പ്രോജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) KSEB യുടെ അനുമതി ഇല്ലാതെയാണ് പ്രവൃത്തി ചെയ്തത്.

2) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയായ സ.ഉ (കൈ) 11/2018/തസ്വഭവ തിയതി: 29.01.18 നമ്പർ ഉത്തരവ് ഖണ്ഡിക 3.8.2(7) ൽ, ഇലക്ട്രിക്കൽ പ്രോജക്ടുകളുടെയും സ്ട്രീറ്റ് ലൈറ്റ്, LED തുടങ്ങിയ പ്രോജക്ടുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും 22.09.15 ലെ സ.ഉ (സാധാ) 2878/2015/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സേവനം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിക്കപ്പെട്ടില്ല.എസ്റ്റിമേറ്റ് തയ്യാറാക്കിയതും മേൽനോട്ടം വഹിച്ചതുമെല്ലാം സിൽക് തന്നെയാണ്.

3) അഴിച്ചു മാറ്റിയ കേടായ തെരുവു വിളക്കുകൾ പഞ്ചായത്തിനെ തിരിച്ചേൽപിച്ചിട്ടില്ല.

4) തെരുവു വിളക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/28.07.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.അതുവരെ ചെലവുതുക 489600 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 1-24 പി.എം.എ.വൈ- ഗ്രാമ പഞ്ചായത്ത് അടവാക്കിയ വിഹിതം ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിച്ചിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 83/19 പ്രകാരം പി.എം.എ.വൈ ഭവന

നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 7,00,000 രൂപ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് ട്രഷറി ബിൽ നം. 2/31.05.18 മുഖേന താനൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ 13.08.19 ന് എ4/227/18 നമ്പർ കത്തു മുഖേന സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതിന് 17.08.19 ന് സി.1325/19 നമ്പറായി താനൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ, 7,00,000 രൂപയും വിനിയോഗിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ ഈ തുക പൂർണമായി വിനിയോഗിച്ചിട്ടുണ്ടോ എന്നാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/30.07.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി തുകയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവുതുക 7,00,000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 1-25 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. SO 210/19 പ്രകാരം ഹോമിയോ ആശുപത്രി, അസി. എഞ്ചിനീയറുടെ കാര്യാലയം, ഐ.സി.ഡി.എസ് ഓഫീസ് എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങാൻ തനതുഫണ്ടിൽ നിന്ന് 3,50,000 രൂപ വകയിരുത്തി.

ലഭ്യമായ മൂന്നു ടെണ്ടറുകളിൽ നിന്ന് അലീഷ എന്റർപ്രൈസസ്, കോട്ടപ്പടി, മലപ്പുറം എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ടി സ്ഥാപനത്തിൽ നിന്ന് 05.03.19 ലെ GST/WS/30 നമ്പർ ഇൻവോയ്സ് പ്രകാരം ചുവടെ ചേർത്ത സാധനങ്ങൾ വാങ്ങുകയും ചെയ്തു.

| ക്രമ നം. | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ | 2 | 99600 |
| 2 | സ്റ്റീൽ അലമാര | 2 | 25600.01 |
| 3 | റിവോൾവിംഗ് ചെയർ | 2 | 19599.99 |
| 4 | കമ്പ്യൂട്ടർ ടേബിൾ | 2 | 16399.99 |
| 5 | എക്സാമിനേഷൻ ടേബിൾ | 1 | 12499.98 |
| 6 | റാക്ക് | 4 | 27999.98 |
| 7 | ഫൈബർ കസേര | 130 | 104000.60 |
| ആകെ | | | 305701 |

വൗച്ചർ നം. 21801025/18.03.19 പ്രകാരം 305701 രൂപ അലീഷ എന്റർപ്രൈസസിന് നൽകി.

പ്രോജക്ട് നിർവഹണത്തിൽ ചുവടെ ചേർത്ത അപാകതകളുണ്ട്.

1) വാങ്ങിയ സാധനങ്ങൾ ഏതെല്ലാം സ്ഥാപനങ്ങളിൽ വിതരണം ചെയ്തു എന്ന് രേഖയില്ല.

2) ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾ ടെണ്ടറിൽ നിർദ്ദേശിച്ച സ്പെസിഫിക്കേഷനുകളോടു കൂടിയതാണെന്ന് സാങ്കേതിക യോഗ്യതയുള്ള ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/30.07.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 305701 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 1-26 പുന്നക്കപ്പാറ അംഗൻവാടിക്ക് കുഴൽകിണർ- പൂർത്തീകരണ മൂല്യനിർണയ വിവരം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. SO 087/19 പ്രകാരം പുന്നക്കപ്പാറ അംഗൻവാടിക്ക് കുഴൽകിണർ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 41450 രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ട്രഷറി ബിൽ നം. 12/ 30.10.18 മുഖേന ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ മൂല്യനിർണയ വിവരം നാളിതുവരെയും ഭൂജല വകുപ്പ് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/30.07.20) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയുടെ പൂർത്തീകരണ മൂല്യനിർണയ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട് . അതുവരെ ചെലവുതുക 41450 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 1-27 ലൈഫ് ഭവന നിർമ്മാണം - മുൻകൂർ തുക കൈപ്പറ്റി - നിർമ്മാണം പൂർത്തിയായില്ല

വി.ഇ.ഒ. നിർവ്വഹണം നടത്തിയ "ലൈഫ് ഭവന നിർമ്മാണം(ജനറൽ)" എന്ന പ്രൊജക്ട് പ്രകാരം(പ്രൊ. നമ്പർ: 76/19) ശ്രീമതി ഭാനുമതി, W/o കൃഷ്ണൻ, തണ്ടാംവീട്ടിൽ, ഒഴൂർ ( വാർഡ് 8) എന്ന ഗുണഭോക്താവിന് ഒന്നാം ഗഡു ഇനത്തിൽ മുൻകൂറായി 40,000 രൂപ അനുവദിച്ചിരുന്നു (Try. Bill No/Date: 9/3-9-18, A/c No.40186100200068). ടിയാരി നാളിതുവരെ തുടർ നിർമ്മാണം നടത്തി തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല എന്ന് പരിശോധനയിൽ കാണുന്നു. ഓഡിറ്റ് വർഷത്തിൽ ആകെ 60 ഗുണഭോക്താക്കൾക്കാണ് മേൽ പ്രൊജക്ട് പ്രകാരം ധനസഹായം നൽകിയിട്ടുള്ളത്. അതിൽ 58പേർ ഓഡിറ്റ് വർഷത്തിലും തുടർന്നുള്ള വർഷങ്ങളിലുമായി ഭവന നിർമ്മാണംപൂർത്തിയാക്കിയിട്ടുണ്ട്. ശ്രീമതി കുഞ്ഞീലി W/o താമി, ഒഴൂർ എന്നവർ ഓഡിറ്റ് തീയതി വരെ 3,00,000രൂപകൈപ്പറ്റിയിട്ടുണ്ട്.ടിയാരിയുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അവസാന ഗഡു കെട്ടുക്കാനിരിക്കുകയാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ശേഷിക്കുന്നത് മേൽ പരാമർശിക്കപ്പെട്ട ശ്രീമതി ഭാനുമതിയുടെ ഭവന നിർമ്മാണമാണ്. ആയത് പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ ടിയാരിക്ക് നൽകേണ്ടതും പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതുമാണ്. പൂർത്തീകരിക്കാത്ത പക്ഷം കൈപ്പറ്റിയ തുക (40,000രൂപ) പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-28 ആട് വളർത്തൽ(വനിത) – ആടിനെ നൽകിയ വ്യക്തിയുടെ ബാങ്ക് അക്കൗണ്ട് - വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ " ആട് വളർത്തൽ (വനിത)" എന്ന പ്രൊജക്ട് പ്രകാരം (Pr. No. SO133/19, Spill over) ഓഡിറ്റ് വർഷത്തിൽ 2,32,000 രൂപ വികസന ഫണ്ടിൽ നിന്നും 2,32,000 രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിലും ( ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ

അടവാക്കിയ തുക തിരികെ നൽകിയത്) ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവു വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ 4ാം വാർഡിൽ താമസിക്കുന്ന ശ്രീമതി സുബൈദ പോക്കാട്ടിൽ , ശ്രീമതി ആമിന കുമ്മാളി എന്നീ ഗുണഭോക്താക്കൾ ശ്രീ മുഹമ്മദ് വട്ടുതല എന്നയാളിൽ നിന്നും 2 ആടുകളെ വീതം വാങ്ങിയിട്ടുള്ളതായി കാണുന്നു. 2 ആടുകൾ വീതം ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 16,000 രൂപയാണ് unit cost. അതിൽ 50% സബ്സിഡിയായി അനുവദിക്കാം (10-12 മാസം പ്രായം). ആയത് പ്രകാരം 4 ആടുകളുടെ വിലയായ32,000 രൂപ (16000x2) ശ്രീ മുഹമ്മദിന് ചുവടെ കൊടുത്തിരിക്കും പ്രകാരം നൽകിയതായി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ഫണ്ട് ഇനം | തുക | ട്രഷറി ബിൽ നമ്പർ, ചെക്ക് നമ്പർ/ തീയതി | ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| വികസന ഫണ്ട് | 16,000 രൂപ | 2/9-11-18 | 378101004449 |
| ഗുണഭോക്തൃ വിഹിതം | 16,000 രൂപ | 3077124/17-11-18 | |

ശ്രീ മുഹമ്മദിന് ലഭ്യമായ തുകയുടെ വിവരങ്ങൾ അറിയുന്നതിനായി ടിയാന്റെ ബാങ്ക് പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് 23-7-20 ന് ഓഡിറ്റ് എൻക്വയറി (നമ്പർ: 23) നൽകിയിരുന്നു എങ്കിലും ആയത് ലഭ്യമായിട്ടില്ല (ടിയാനുമായി ഫോണിൽ സംസാരിച്ചതിൽ തനിക്ക് 16,000 രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന് അദ്ദേഹം അറിയിക്കുകയുണ്ടായി). ആയതിനാൽ മേൽ പരാമർശിച്ച പ്രകാരം പിൻവലിക്കപ്പെട്ട് ചെലവ് രേഖപ്പെടുത്തിയ തുകകളുടെ നിജസ്ഥിതി അറിയുന്നതിനായി ശ്രീ മുഹമ്മദ് വട്ടുതലയുടെ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക 32,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 83554രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ 27.7.20 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള(Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയാണെന്ന് ബോധ്യപ്പെട്ടു. DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടത്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

(27.7.20 ന് അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ പ്രവൃത്തികൾ സ്ഥലപരിശോധന നടത്തി)

| ക്രമ നം | പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | അനുവദിക്കാവുന്ന തുക (Observed Data) (od 36266/2018-19) | കരാറുകാരന് അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1 | നാനാക്കൽ തറമ്മൽ റോഡ് കോൺക്രീറ്റിംഗ് (തനത് ഫണ്ട്)<br>(101/19)<br>എം. ബുക്ക് - 86/18-19<br>മൂല്യനിർണ്ണയം - 386986<br>കരാർ - 16/21.7.18(Estimate rate)<br>ചെക്ക് നം - 3077157/14.2.19<br>കരാറുകാരൻ - ജബാർ<br>Cost Index-37.25% (2016 DSR) | 47.49 m3 x7553.97/m3 = 358738.04 | 47.49 m3 x7373.94/m3 = 350188.41 | 8549.63 |
| 2 | യാഹ്ലപ്പടി വിഷ്ണുക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്<br>(36/19)<br>എം. ബുക്ക് - 78/18-19<br>മൂല്യനിർണ്ണയം - 551971<br>കരാർ - 45/29.9.18<br>ബിൽ - 36/15.12.18<br>കരാറുകാരൻ - അബ്ദുൾ അസീസ്<br>Cost Index-37.25% (2016 DSR)<br>Tender below- 21.42% | 85.763m3x5935.91/m3 =509081.45<br>(7553.97/m3-21.42%= 5935.91) | 85.763m3x 5794.44/m3 = 496948.56<br>(7373.94/m3-21.42%= 5794.44/m3) | 12132.89= 12133 |
| 3 | പൈനാട്ട് ഇടവഴി റോഡ് കോൺക്രീറ്റിംഗ് (തനത് ഫണ്ട്)<br>(17/19)<br>എം. ബുക്ക് - 84/18-19<br>മൂല്യനിർണ്ണയം - 306973<br>കരാർ - 1/2.7.18(Estimate rate) | 37.67m3 x7553.97/m3 =284558.05 | 37.67 m3 x7373.94/m3 = 277776.32 | 6781.73 =6782 |

| | | | | |
|---|---|---|---|---|
| | ചെക്ക് നം - 3077165/1.3.19<br>കരാറുകാരൻ - അബ്ദുൾ അസീസ്<br>Cost Index-37.25% (2016 DSR) | | | |
| 4 | അഹമ്മദ് ഹാജിപ്പടി അയ്യായAMLPS റോഡ് കോൺക്രീറ്റിംഗ് (തനത് ഫണ്ട്)<br>(214/19)<br>എം. ബുക്ക് - 89/18-19<br>മൂല്യനിർണ്ണയം - 250000<br>കരാർ - 64/17.9.18(Estimate rate)<br>ചെക്ക് നം - 3077172/11.3.19<br>കരാറുകാരൻ - നാരായണൻ.EV<br>Cost Index-37.25% (2016 DSR) | 30.32m3 x7553.97/m3 =229036.37 | 30.32 m3 x7373.94/m3 = 223577.86 | 5458.51= 5459 |
| 5 | കണ്ണലത്ത് പടി റോഡ് കോൺക്രീറ്റിംഗ്(തനത് ഫണ്ട്)<br>(216/19)<br>എം. ബുക്ക് - 87/18-19<br>മൂല്യനിർണ്ണയം - 397523<br>കരാർ - 65/17.1.19<br>ചെക്ക് - 3077172/11.3.19<br>കരാറുകാരൻ - നൗഫൽ.പി.പി<br>Cost Index-37.25% (2016 DSR)<br>Tender below- 20% | 59.56m3 x6043.18/m3 = 359931.80<br>(7553.97/m3-20%= 6043.18/m3) | 59.56m3x 5899.15/m3 = 351353.37<br>(7373.94/m3-20%=5899.15/m3) | 8578.43= 8579 |
| 6 | അഹമ്മദ് ഹാജിപ്പടി അയ്യായAMLPS റോഡ് കോൺക്രീറ്റിംഗ് (തനത് ഫണ്ട്)<br>(41/19)<br>എം. ബുക്ക് - 112/17-18<br>മൂല്യനിർണ്ണയം - 399666<br>കരാർ - 31/7.9.18(Estimate rate)<br>ബിൽ നം - 34/21.11.18 | 47.088m3 x7553.97/m3 = 355701.34 | 47.088 m3 x7373.94/m3 = 347224.09 | 8477.25 =8477 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ - നാരായണൻ.EV<br>Cost Index-37.25% (2016 DSR) | | | |
| 7 | ഒഴൂർ മറവഞ്ചേരി കുളം റോഡ് കോൺക്രീറ്റിംഗ്<br>(25/19)<br>എം. ബുക്ക് - 124/18-19<br>മൂല്യനിർണ്ണയം - 350583<br>കരാർ - 39/13.9.18<br>ബിൽ - 44/7.1.19<br>കരാറുകാരൻ - കുഞ്ഞഹമ്മദ് കുട്ടി.TK<br>Cost Index-37.25% (2016 DSR)<br>Tender below- 21.11% | 54.74m3 x5959.33/m3 = 326213.72<br>(7553.97/m3-21.11%= 5959.33/m3) | 54.74m3x 5817.30/m3 = 318439<br>(7373.94/m3- 21.11%=5817.30/m3) | 7774.72 =7775 |
| 8 | ഇല്ലത്തുപ്പടി മദ്രസ ഇല്ലത്തുകുളം റോഡ് കോൺക്രീറ്റിംഗ്<br>(186/19)<br>എം. ബുക്ക് - 81/18-19<br>മൂല്യനിർണ്ണയം - 4,00,000<br>കരാർ - 27/4.9.18(Estimate rate)<br>ബിൽ നം - 47 /19.3.19<br>കരാറുകാരൻ - അഭിമന്യു.എൻ<br>Cost Index-37.25% (2016 DSR) | 49.50 m3 x7553.97/m3 = 373921.52 | 49.50 m3 x7373.94/m3 = 365010 | 8911.52= 8912 |
| 9 | ഒഴൂർ വട്ടോളി റോഡ് കോൺക്രീറ്റിംഗ്<br>(185/19)<br>എം. ബുക്ക് - 114/17-18<br>മൂല്യനിർണ്ണയം - 349853<br>കരാർ - 48/29.9.18(Estimate rate)<br>ചെക്ക് നം - 3077140/5.1.19<br>കരാറുകാരൻ - KV.ഷംസു<br>Cost Index-37.25% (2016 DSR) | 42.75 m3 x7553.97/m3 = 322932.22 | 42.75 m3 x7373.94/m3 = 315235.94 | 7696.28 =7696 |
| 10 | കുമ്പടിപറമ്പിൽ ഇടവഴി കോൺക്രീറ്റിംഗ് (തനത് ഫണ്ട്) | 51.05m3 x7553.97/m3 = 385630.17 | 51.05 m3 x7373.94/m3 = | 9190.53= 9191 |

| | | | | |
|---|---|---|---|---|
| | (26/19)<br>എം. ബുക്ക് - 83/18-19<br>മൂല്യനിർണ്ണയം - 437514<br>കരാർ - 33/7.9.18(Estimate rate)<br>ചെക്ക് നം - 3077165/1.3.19<br>കരാറുകാരൻ - റാഫി ഷിബിലി.TK<br>Cost Index-37.25% (2016 DSR) | | 376439.64 | |
| | ആകെ | | | 83554 |

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 13 / 28.7.20, Audit Enquiry No.19 / 29.7.20) മറുപടിയായി നഷ്ട തുക കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. അതുവരെ 83554രൂപയുടെ നഷ്ടം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 മണലിപ്പുഴ സ്കൂൾ ചുറ്റുമതിൽ,ഗേറ്റ് നിർമ്മാണം - അപാകത - നഷ്ടം 5902 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്റ്റ് നം -116/19

എം. ബുക്ക് - 152/18-19

കരാർ - 41/17.9.18 (13.01%below ER)

മൂല്യനിർണ്ണയം - 402218/-രൂപ

ബിൽ - 51/20.3.19 (402218/-രൂപ)

കരാറുകാരൻ - ശിവരാമൻ

കരാർ - 41/17.9.18 (Tender below)

Cost Index – 37.25% (DSR 2016)

TS-5,00,000 (MG-NR)

മണലിപ്പുഴ സ്കൂൾ ചുറ്റുമതിൽ,ഗേറ്റ് നിർമ്മാണം പ്രവൃത്തി 402218 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയിൽ താഴെ പറയുന്ന അപാകത കാണുന്നു.

<u>സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി</u>

പ്രവൃത്തിയുടെ ഭാഗമായി ഗേറ്റ് GI പൈപ്പ് (Rectangular hollow tube) ഉപയോഗിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ പ്രവൃത്തി ചെയതതിന് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 137.46/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR code 50.10.1). എന്നാൽ പ്രവൃത്തി സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 111.93/kg രൂപയാണ്. വിശദ വിവരം ചുവടെ

(പ്രവൃത്തി 27.7.20 ന് അസി.എഞ്ചിനീയറുടെയും ഓവർസിയറുടെയും സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തി)

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 3 | 265.50 kg x 119.59/kg = 31751<br>( 137.46/kg-13.01% Tender below=119.59/kg) | 265.50 kg x 97.36/kg = 25849<br>( 111.93/kg-13.01% Tender below=97.36/kg) | 5902 |

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 14 / 28.7.20) ലഭ്യമാക്കിയ മറുപടിയിൽ നഷ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. അതുവരെ 5902 രൂപയുടെ നഷ്ടം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-3 പഞ്ചായത്ത് ഓഫീസിന് കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം - പ്രവൃത്തി അപാകത - 6597നഷ്ടം രൂപ

പ്രോജക്റ്റ് നം -184/19

പഞ്ചായത്ത് ഓഫീസിന് കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം

എം. ബുക്ക് - 130/16-17

കരാർ - 56/26.3.18 (Estimate rate)

മൂല്യനിർണ്ണയം - 996290

ചെക്ക് നം - 3077139/5.1.19

കരാറുകാരൻ - മുഹമ്മദ് കുട്ടി.PK

Cost Index – 37.25% (DSR 2016)

TS-10,00,000(തനത് ഫണ്ട്)

PAC-10,00,000

പ്രവൃത്തിയിൽ താഴെ പറയുന്ന അപാകത കണ്ടു.

സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി

ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് 2ാം നിലയിൽ (കോൺഫറൻസ് ഹാൾ & റിക്കാർഡ് റൂം) മേൽക്കൂര ട്രസ്സ് വർക്ക് ചെയ്തതിന് 119543.93 രൂപ അനുവദിച്ചു. DSR Code 10.16.2 പ്രകാരമുള്ള നിരക്കാണ് ട്രസ്സ് വർക്കിന് അനുവദിച്ചത് എന്നാൽ ഈ പ്രവൃത്തിയിൽ 389.23 kgവരുന്ന പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR Code 50.10.2 പ്രകാരമുള്ള 111.93/kg രൂപയാണ്. വിശദാംശം താഴെ പറയുന്നു.

| ഇനം | അനുവദിച്ച തുക | | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|
| Extra Item 2 | 927.56 Kg x128.88 /Kg = 119543.93 | 10.16.2 | 538.33 Kg x128.88 /Kg = 69379.97 | 6597 |

| | | | | |
|---|---|---|---|---|
| | | 50.10.2 | 389.23 Kg x111.93 /Kg = 43566.51<br><br>Total - 112946.48 | |

(27.7.20 ന് അസി.എഞ്ചിനീയറുടെയും ഓവർസിയറുടെയും സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലപരിശോധന നടത്തി)

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 15 / 28.7.20) ലഭ്യമാക്കിയ മറുപടിയിൽ നഷ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. അതുവരെ 6597 രൂപയുടെ നഷ്ടം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു..

## 3-4 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 49979 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ കരാർ കാലാവധിയുടെ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്. മാത്രമല്ല മേൽ ചട്ടപ്രകാരം കരാർ കാലാവധിക്ക് ശേഷം കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുക പോലും ചെയ്യാതെ കരാറുകാരൻ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | ഒഴുകളം താനാളൂർ ബോർഡർ റോഡ് പുനരുദ്ധാരണം<br><br>(181/19)<br><br>എം. ബുക്ക് - 133/17-18 | 23.1.17 | 22.7.17<br><br>(6 മാസം) | 27.3.2018 | 9000<br><br>(23.7.2017മുതൽ 6.9.17 വരെ 3000<br><br>7.9.2017 മുതൽ 21.10.17 വരെ |

| | | | | | |
|---|---|---|---|---|---|
| | മൂല്യനിർണ്ണയം-280832<br>PAC-3,00,000<br>കരാർ - 22/22.1.17<br>ബിൽ - 26/30.7.18 - 280832 രൂപ<br>കരാറുകാരൻ - ഷാഹിർ.PV<br>TS-3,00,000 | | | | 6000) |
| 2 | വയോജനങ്ങൾക്ക് യോഗ പരിശീലന കേന്ദ്രം (172/19)<br>ബിൽ നം. -70/30.3.19<br>തുക 836472<br>PAC-836472<br>അളവ് പുസ്തകം-135/18-19<br>കരാറുകാരൻ - മുഹമ്മദ് കുട്ടി.PK<br>കരാർ. 55/26.3.18<br>TS-10,00,000 | 26.3.18 | 25.9.18<br>(6 മാസം) | 14.3.2019 | 25095<br>(26.9.2018 മുതൽ 9.11.18 വരെ 8365<br>10.11.2018 മുതൽ 24.12.18 വരെ 16730) |
| 3 | ചാത്തൻ പാടം ഞാളൂർ മന റോഡ് ടാറിംഗ്<br>(14/19)<br>എം. ബുക്ക് - 145/18-19<br>മൂല്യനിർണ്ണയം - 872245<br>PAC-872245<br>കരാർ - 23/24.7.18<br>ബിൽ -61/26.3.19<br>കരാറുകാരൻ - മുഹമ്മദ് കുട്ടി.PK<br>TS-10,00,000 | 24.7.18 | 23.1.19<br>(6 മാസം) | 13.3.2019 | 9884<br>(24.1.2019 മുതൽ 9.3.19 വരെ 8722<br>10.3.2019 മുതൽ 12.3.19 വരെ 1162) |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 4 | ഫ്രണ്ട് ഓഫീസ് നവീകരണം (39/19)<br>ചെക്ക് നം.3077194/ 28.3.19<br>തുക 199888<br>PAC-200000<br>അളവ് പുസ്തകം- 182/18-19<br>കരാറുകാരൻ - ശിവരാമൻ.വി<br>കരാർ. 53/22.3.18<br>TS-200000 | 22.3.18 | 21.9.18<br>(6 മാസം) | 12.3.2019 | 6000<br>(22.9.2018 മുതൽ 5.11.18 വരെ 2000<br>6.11.2018 മുതൽ 20.12.18 വരെ 4000) |
| | ആകെ | | | | 49979 |

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പിഴയിനത്തിൽ നഷ്ടം വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു (AUDIT ENQUIRY No. 8 / 28.7.20, Audit Enquiry No.20 /29.7.20). (ക്രമ നം.(2) ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായതെന്ന് അറിയിച്ചു. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി വൈകാൻ സാഹചര്യമുണ്ടായിട്ടില്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല. കരാറുകാരിൽ നിന്നും നഷ്ടം ഈടാക്കുന്നതുവരെ 49398 രൂപയുടെ നഷ്ടം പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു..

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 06.08.2019 മുതൽ 07.08.2019 വരെ | കെ.എസ്.എ.എം.പി.എം. 10/847/2019<br>തിയ്യതി: 24.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ | ലഭിച്ച | പദ്ധതി പേര്,നം | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 297500 | പ്രോ.നം-01/18-19 നെൽ കൃഷി വികസനം | 150000 | 147500 |
| | 100000 | പ്രോ.നം-07/18-19 അങ്കണവാടി പോഷാകാഹാരം | 100000 | 0 |
| | 100000 | പ്രോ.നം-08/18-19 പരിരക്ഷ പദ്ധതി | 27400 | 72600 |
| | 1839000 | പ്രോ.നം-76/18-19 ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) | 1839000 | 0 |
| | 400000 | പ്രോ.നം-78/18-19 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി) | 400000 | 0 |
| | 500000 | പ്രോ.നം-172/18-19 വയോജനങ്ങൾക്ക് യോഗാ പരിശീലന കേന്ദ്ര നിർമ്മാണം | 336472 | 163528 |
| ആകെ | 3236500 | | 2852872 | 383628 |
| ജില്ലാ പഞ്ചായത്ത് | 1172420 | പ്രോ.നം-76/18-19 ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) | 1161000 | 11420 |
| | 161200 | പ്രോ.നം-78/18-19 ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി) | 66000 | 95200 |
| | 3000 | പ്രോ.നം-06/18-19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3000 | 0 |
| ആകെ | 1336620 | | 1230000 | 106620 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂഗർഭ ജല | (പ്രോ.നം-87/19)പുന്നക്കപ്പാറ | ട്രഷറി ബിൽ നം. 12/ | 41450 | 0 | പൂർത്തീകരണ സാക്ഷ്യപത്രം | 41450 |

| | | | | | | |
|---|---|---|---|---|---|---|
| വകുപ്പ് | അഗണവാടിക്ക് കുഴൽക്കിണർ | 30.10.18 | | | ലഭ്യമായിട്ടില്ല | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ(എം.എസ്)111/2018/ എൽ.എസ്.ജി.ഡി തിയതി.13.08.2018 | 7504724 | 0 | 4724 | 0 | 7500000 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരം നിക്ഷേപം | 2648413 |
| തൻവർഷം നിക്ഷേപിച്ച തുക | 283202 |
| ആകെ | 2931615 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2931615 |

വർഷവാസാനം അവശേഷിക്കുന്ന സ്ഥിനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപങ്ങളുടെ വിവരം | തുക | രശീതി നം. |
|---|---|---|
| ഒഴൂർ സർവ്വീസ് സഹകരണ ബാങ്ക് | 727360 | FDI/07647 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് | 1121755 | FDI/08178 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് | 1082500 | FDI/08496 |

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2003-04 , 2004-05 | 6(6) | 3600 | ഡോ.ഷാക്കിറ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 118050101068/06.06.2018 |
| 2003-04, | 3(6) | 4900 | ഡോ.പ്രസന്നകുമാർ | 118050105797/07.12.2018 |

| | | | | |
|---|---|---|---|---|
| 2004-05 | | | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്ന |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1998-99 | 39 | പി.മുഹമ്മദ്കുട്ടി | LF18459/sp.cell/sc5/03 29.05.04 | 3,822 | 3,822 | ലഭ്യമല്ല |
| 2 | 1998-99 | 40 | പി.മുഹമ്മദ്കുട്ടി | -do- | 1,193 | 1,193 | ടി |
| 3 | 1999-00 | 33-1 | എം.പിരാധാകൃഷ്ണൻ, എ.ഇ.ഇ | LF23905/sp.cell/sc D1/11 dt. 19.10.12 | 5,958 | 5,958 | ടി |
| 4 | 1999-00 | 33-1 | കെ.ബാലൻ, എ.ഇ | -do- | 5,958 | 5,958 | ടി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 143943927 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 145035750 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 146032 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1598751 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 83554 | ശ്രീമതി. മഞ്ജു ജി (അസി.എഞ്ചിനീയർ) |
| 3-2 | | 5902 | ശ്രീമതി. മഞ്ജു ജി (അസി.എഞ്ചിനീയർ) |
| 3-3 | | 6597 | ശ്രീമതി. മഞ്ജു ജി (അസി.എഞ്ചിനീയർ) |
| 3-4 | | 49979 | ശ്രീമതി. മഞ്ജു ജി (അസി.എഞ്ചിനീയർ) |
| | ആകെ | 146032 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 30000 | ഡോ. ജാനിഫ് .കെ.എം (മെഡിക്കൽ ഓഫീസർ ) |
| 1-23 | 489600 | ശ്രീ.മോഹനൻ പൂഴിക്കൽ (സെക്രട്ടറി) |
| 1-24 | 7,00,000 | ശ്രീ.മോഹനൻ പൂഴിക്കൽ (സെക്രട്ടറി) |
| 1-25 | 305701 | ശ്രീ.മോഹനൻ പൂഴിക്കൽ (സെക്രട്ടറി) |
| 1-26 | 41450 | ശ്രീ.മോഹനൻ പൂഴിക്കൽ (സെക്രട്ടറി) |
| 1-28 | 32000 | ഡോ.ഐശ്വര്യ ലക്ഷ്മണ് (വെറ്ററിനറി സർജൻ) |
| ആകെ | 1598751 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മഞ്ജു ജി | അസി.എഞ്ചിനീയർ നിറമരുതൂർ ഗ്രാമ പഞ്ചായത്ത് | പൊറ്റവിള ഹൗസ്, പാലപ്പൂർ, വെള്ളായണി പി.ഒ, തിരുവനന്തപുരം-695522 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-1998 | എൽ.എഫ്.എം-11/714/01/ തീ 07-10-2010 | 20 | |
| 1998-1999 | എൽ.എഫ്.എം-15/575/01/ തീ 07-10-2010 | 20 | |
| 1999-2000 | എൽ.എഫ്.എം-15/1487/02/ തീ 07-10-2010 | 11 | |
| 2000-2001 | എൽ.എഫ്.എം-15/1714/02/ തീ 07-10-2010 | 7 | |
| 2001-2002 | എൽ.എഫ്.എം-10/1136/2018/ തീ 06.08.2018 | 6 | |
| 2002-2003 | എൽ.എഫ്.എം-15/7434/01/ തീ 07-10-2010 | 19 | |
| 2003-2004 | എൽ.എഫ്.എം-11/1731/09/ തീ 07-10-2010 | 7 | |
| 2004-2005 | എൽ.എഫ്.എം-11/2021/08/ തീ 07-10-2010 | 8 | |
| 2005-2006 | എൽ.എഫ്.എം-14/1685/11/ തീ 19-03-2012 | 9 | |
| [illegible] | [illegible] | [illegible] | |

| | | | |
|---|---|---|---|
| 2006-2007 | എൽ.എഫ്.എം-14/1686/11/ തീ 13-02-2012 | 12 | |
| 2007-2008 | എൽ.എഫ്.എം-14/55/12/ തീ 21-02-2012 | 17 | |
| 2008-2009 | എൽ.എഫ്.എം-14/56/12/ തീ 21-02-2012 | 19 | |
| 2009-2010 & 2010-2011 | എൽ.എഫ്.എം-14/1099/20/ തീ 20-07-2013 | 11 | |
| 2011-2012 & 2012-2013 | എൽ.എഫ്.എം-24/629/15/ തീ 21-04-2015 | 48 | |
| 2013-14 & 2014-15 | കെ.എസ്.എ-എംപിഎം.24/2062/2016 | 10 | |
| 2015-16 | കെ.എസ്.എ-എംപിഎം.24/23/2017 തീ.21-01-2017 | 20 | |
| 2016-17 | കെ.എസ്.എ എം.പി.എം 10/2264/2017 തിയതി 25.11.2017 | 18 | |
| 2017-18 | കെ.എസ്.എ എം.പി.എം 10/2780/2018 തിയതി 04.06.2019 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം. 10/847/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി: 24.08.2019

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.